⇨ ദേശരാഷ്ട്രങ്ങളെയും ബഹുരാഷ്ട്ര കോർപ്പറേഷനുകളെയും വേർതിരിക്കുവാൻ പ്രയാസമാണ് ⇨

# കോർപ്പറേറ്റുകൾ ലോകത്തോട് ചെയ്യുന്നത്


ജീവിതത്തിന്റെ സമസ്ത മേഖലകളെയും ഗ്രസിക്കുന്ന കോർപ്പറേറ്റ് അതിക്രമം സർവ്വവ്യാപിയായി മാറിയിരിക്കുന്ന സമകാലികാവസ്ഥയിൽ കോർപ്പറേറ്റുകളുടെ ആവിർഭാവത്തെയും ചരിത്രത്തെയും അവലോകനം ചെയ്തുകൊണ്ട് എന്താണ് കോർപ്പറേറ്റുകൾ ലോകത്തോട് ചെയ്തുകൊണ്ടിരിക്കുന്നത് എന്ന് വ്യക്തമാകുന്നു.

**നീതു ദാസ്**

**വൻമൂലധന** നിക്ഷേപത്തിന്റെ പിൻബലത്തിൽ വലിയ തോതിലുള്ള ഇടപാടുകൾ നടത്തുകയും അതുവഴി ആഗോള സാമ്പത്തികരംഗത്തെ നിയന്ത്രിക്കുകയും ചെയ്യുന്ന സ്ഥാപനങ്ങളാണ് കോർപ്പറേറ്റുകൾ. ആഗോളവത്കരണാനന്തര കാലഘട്ടത്തിലാണ് കോർപ്പറേറ്റുകൾ ഇന്നു കാണുന്ന വളർച്ച കൈവരിക്കാനായത്. എന്താണ് കോർപ്പറേറ്റ് എന്ന് ചൂണ്ടിക്കാണിക്കാൻ കഴിയാത്ത തരത്തിലാണ് അതിന്റെ ഇന്നത്തെ രൂപവും പ്രവർത്തനങ്ങളും. കോർപ്പറേറ്റുകളുടെ ആവിർഭാവത്തെയും ചരിത്രത്തെയും അവലോകനം ചെയ്യുമ്പോഴാണ് എന്താണ് കോർപ്പറേറ്റുകൾ ലോകത്തോട് ചെയ്തുകൊണ്ടിരിക്കുന്നത് എന്ന് വ്യക്തമാകുന്നത്. "ദേശരാഷ്ട്രങ്ങളുടെ രൂപവത്കരണവുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന നിരവധി സാമ്പത്തിക കെട്ടുപാടുകളാണ് ഒരു നൂറ്റാണ്ടിന് മുമ്പ് ഇന്ന് നാം തിരിച്ചറിയുന്ന കോർപ്പറേറ്റ് മുതലാളിത്തമായി രൂപാന്തരപ്പെട്ടത്. ജനപ്രതിനിധികൾ നടത്തിയ നിയമനിർമ്മാണത്തിലൂടെയല്ല, ജുഡീഷ്യൽ രീതികളിലൂടെയാണ് അതിന്റെ നിയമാവലികൾ ഉരുത്തിരിഞ്ഞത്. ദേശരാഷ്ട്രങ്ങളെയും ബഹുരാഷ്ട്ര കോർപ്പറേഷനുകളെയും വേർതിരിക്കുവാൻ പ്രയാസമാണ്. ആശ്രിതത്വത്തിന്റെയും മേധാവിത്വത്തിന്റെയും പരസ്പരപൂരകമായ ബന്ധമാണത്. ആധുനിക മുതലാളിത്തത്തിന്റെ തുടക്കത്തിൽ തന്നെ, സർക്കാറും കച്ചവടക്കാരും തമ്മിൽ ഉരുത്തിരിയുന്ന ബന്ധത്തെ 'സർക്കാറിന്റെ ഉപകരണങ്ങളും ഏകാധിപതികളും' എന്ന് ജയിംസ് മാഡിസ വിശേഷിപ്പിച്ചിട്ടുണ്ട്. ഇപ്പോൾ അത് ലോകത്തിന്റെ തന്നെ നിർവചനമായിരിക്കുന്നു. ശക്തമായ ദേശീയഭരണകൂടങ്ങളുടെ ഉപകരണങ്ങളും ഏകാധിപതികളുമാണ് ബഹുരാഷ്ട്ര കോർപ്പറേഷനുകൾ. രണ്ടിനെയും വേർതിരിക്കുക അസാധ്യമാണ്" എന്ന് നോം ചോംസ്കി പറയുന്നു. *(പേജ് 77, മാധ്യമങ്ങളും പൊതുസമൂഹവും, നോം ചോംസ്കി).*

കേന്ദ്രീകൃതമായ അധികാരപ്രയോഗത്തിലൂടെയാണ് ജനാധിപത്യവിരുദ്ധമായ പ്രവർത്തനങ്ങൾ കോർപ്പറേറ്റുകൾ നടത്തുന്നത്. അധികാരത്തിന്റെയും അർഹതയുടെയും സ്വാഭാവികതാളം തെറ്റിച്ചുകൊണ്ടാണ് ലോക സാമ്രാജ്യത്വശക്തികൾ സഹജീവികളുടെയും ജൈവവ്യവസ്ഥയുടെയും നിയന്ത്രണം കൈയ്യടക്കിയത്. വ്യക്തിബന്ധങ്ങളിലും സാമൂഹിക ക്രമത്തിലും സൂക്ഷ്മമായ രീതിയിൽ സാമ്രാജ്യത്വ മനോഭാവം

കേരളീയം പ്ലാച്ചിമട ഫെലോഷിപ്പിന് അർഹയായ നീതു ദാസ്, ഫെലോഷിപ്പ് പരിപാടിയുടെ ഭാഗമായി തയ്യാറാക്കിയ റിപ്പോർട്ട്.




പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നുവെങ്കിലും, ലോക സാമ്രാജ്യത്വശക്തികളുടെ പ്രവർത്തന മണ്ഡലം വിശാലമായതിനാൽ പ്രത്യാഘാതത്തിന്റെ ആഴവും വ്യാപ്തിയും ഏറുന്നു. അധികാര സ്ഥാപനങ്ങൾ അതിൽ പങ്കില്ലാത്തവർക്ക് മേൽ നടത്തിയ, നടത്തുന്ന അത്യന്തം ക്രൂരമായ അധികാര ഇടപെടലുകളാണ് 'അർഹതപ്പെട്ട' കുറച്ച് മനുഷ്യരുടെ വിനോദസഞ്ചാരം ബഹിരാകാശം വരെ എത്തിച്ചതും, 'അർഹതയില്ലാത്ത' മനുഷ്യരുടെ ജീവിതസഞ്ചാരം തെരുവുകളിലും കോളനികളിലും വഴിമുട്ടിച്ചതും. ഒരു കൂട്ടർക്ക് ഭക്ഷണവും വെള്ളവും ജീവിത സൗകര്യങ്ങളും ആഢംബരമായി മാറുമ്പോൾ, മറുവശത്ത് വികസനപാതയിൽ ഏറെ മുന്നേറിക്കഴിഞ്ഞുവെന്ന് അവകാശപ്പെടുന്ന സമൂഹങ്ങൾക്ക് പോലും പരിഹരിക്കാനാകാത്ത സമസ്യകൾ പെരുകുകയും പുതിയത് രൂപപ്പെടുകയും ചെയ്യുകയാണ്. ജൈവികവും സാമൂഹികവുമായ വൈവിധ്യങ്ങൾക്കിടയിലും തുല്യ അവകാശവും അധികാരവും പങ്കുവയ്ക്കുന്ന സമത്വലോകഭാവനക്ക് തുരങ്കംവച്ചുകൊണ്ട് മാത്രമെ അധികാരസ്ഥാപനങ്ങൾക്ക് വളരാൻ കഴിയുകയുള്ളൂ. ലോകത്തിന്റെ വൈവിധ്യങ്ങൾക്കിടയിൽ ഭിന്നതകൾ സൃഷ്ടിച്ചുകൊണ്ട് വിഭവങ്ങളെ ചൂഷണം ചെയ്യാൻ ഒരുക്കിയ തിരക്കഥ ഏറെക്കുറേ വിജയകരമായി നടപ്പിലാക്കാൻ ലോകക്രമത്തിന്റെ നിയന്ത്രണം ഏറ്റെടുത്തവർക്ക് കഴിഞ്ഞുവെന്നത് മാനുഷികവും പാരിസ്ഥിതികവുമായ യാതനകൾക്കും അപചയങ്ങൾക്കും ആക്കംകൂട്ടി.

**അസമത്വം ഒരു ഗൂഢാലോചന**

ആഗോളവത്കരണാനന്തര ലോകത്ത് അസമത്വം രൂക്ഷമായിക്കൊണ്ടിരിക്കുന്നതായാണ് കണക്കുകൾ. മൊത്ത ആഭ്യന്തര ഉത്പാദന വളർച്ച (ജി.ഡി.പി)യുടെ കണക്കുവച്ച് രാജ്യക്ഷേമം അളക്കുക എന്ന രീതിക്ക് അപാകതകൾ മാത്രമേയുള്ളൂ. ജി.ഡി.പിയിൽ വളർച്ച രേഖപ്പെടുത്തുന്ന രാജ്യങ്ങളിൽ സമ്പന്നരും ദരിദ്രരും തമ്മിലുള്ള വിടവ് കൂടിക്കൊണ്ടിരിക്കുകയാണ്. ഇന്ത്യയിൽ 2011ൽ നടത്തിയ സെൻസസ് പ്രകാരം 74 ശതമാനത്തിലേറെ ഗ്രാമീണ കുടുംബങ്ങളുടെ മാസവരുമാനം 5000 രൂപക്ക് താഴെയാണ്. അതേ രാജ്യത്തെ ഏറ്റവും സമ്പന്നരായ 100 പേരുടെ സമ്പാദ്യം കൂട്ടിക്കഴിഞ്ഞാൽ അത് 346 ബില്ല്യൺ ഡോളറും. ജനപ്രതിനിധികളായി പാർലമെന്റിൽ എത്തിയവരിൽ 442 കോടിപതികൾ. അധികാര വികേന്ദ്രീകരണത്തെക്കുറിച്ചും ജനാധികാരത്തെക്കുറിച്ചുമുള്ള ചർച്ചകൾ ഒരുവശത്ത് നടക്കുമ്പോൾ തന്നെ രാജ്യത്തിന്റെ പരമാധികാരവും സ്വയംഭരണവും ചില വ്യവസായ പ്രമുഖർക്ക് തീറെഴുതുന്ന രീതിയിൽ നിയമങ്ങളിൽ വെള്ളം ചേർക്കുകയാണ് സർക്കാരുകൾ. വളരുന്ന സാമ്പത്തിക ശക്തികൾ എന്ന് പറയപ്പെടുന്ന രാജ്യങ്ങളും, പിന്നോക്കം നിൽക്കുന്ന രാജ്യങ്ങളും ഇത്തരത്തിൽ വിനാശകരമായ ഇടപെടലുകൾക്ക് കാരണമായിക്കൊണ്ടിരിക്കുകയാണ്. ഇന്നത്തെ ലോകക്രമത്തെ ചരിത്രപശ്ചാത്തലത്തിൽ നോക്കുകയാണെങ്കിൽ രണ്ടാം ലോക മഹായുദ്ധത്തിന്റെ പങ്ക് വലുതാണെന്ന് മനസ്സിലാക്കാൻ സാധിക്കും. വിപണി പിടിച്ചടക്കുന്നതിലൂടെയാണ് ഇന്ന് ലോക സാമ്രാജ്യത്വ ശക്തികൾ ഇതര രാജ്യങ്ങളെ ഭരിക്കുന്നത്, ഫലത്തിൽ കീഴ്പ്പെടുത്തുന്നത്.

"നൂറ്റാണ്ടിന്റെ തുടക്കം മുതൽ തന്നെ അമേരിക്കയായിരുന്നു ലോകത്തിലെ ഏറ്റവും

വലിയ വ്യാവസായികശക്തി. അതിന് കുറേയധികം വിഭവങ്ങളുമുണ്ടായിരുന്നു. രണ്ടാം ലോകമഹായുദ്ധത്തിന്റെ സമയത്ത്, അമേരിക്കയുടെ വ്യാവസായിക ഉത്പാദനം മൂന്ന് മടങ്ങായി കൂടി. അതേസമയം അതിന്റെ മുഖ്യ എതിരാളികൾ അശക്തരാവുകയോ നശിപ്പിക്കപ്പെടുകയോ ചെയ്തു. ഏറ്റവും ശക്തമായ സൈനികബലമായിരുന്നു അമേരിക്കയുടേത്. ചരിത്രത്തിൽ സമാനതകളില്ലാത്തവിധം ശക്തവും സുരക്ഷിതവുമായിരുന്നു അമേരിക്ക. പശ്ചിമ ഹെമിസ്ഫിയറിന് മേൽ ശക്തമായ നിയന്ത്രമാണ് അതിന് ഉണ്ടായിരുന്നത്. അത് സമുദ്രങ്ങളും അതിനപ്പുറവും നിയന്ത്രണത്തിലാക്കി. " ചോംസ്കി പറയുന്നു. *(പേജ് 1, ഡെമോക്രസി ആന്റ് പവർ - ദി ഡൽഹി ലക്ചേഴ്സ്, നോം ചോംസ്കി).*

ലോകത്തെ പ്രധാന ഊർജസ്രോതസ്സുകളുടെ ഉറവിടമായ മധ്യേഷ്യൻ രാജ്യങ്ങളെ വരുതിയിലാക്കാൻ കഴിഞ്ഞാൽ ലോകത്തെയാകെ വരുതിയിലാക്കാം എന്ന ആലോചനയിൽ നിന്നും അമേരിക്ക നടത്തിയ ഇടപെടലുകൾ ഒരു വലിയ ഭൂപ്രദേശത്തെ ക്രമസമാധാന തകർച്ചയിലേക്ക് നയിച്ചത് നമ്മൾ കണ്ടതാണ്. 19ാം നൂറ്റാണ്ടിന്റെ ആദ്യ പകുതിയിൽ പരുത്തിയുടെ കുത്തകക്കായി ടെക്സാസ് പിടിച്ചെടുത്തതിന് ശേഷം മറ്റ് രാഷ്ട്രങ്ങളെ അമേരിക്കയുടെ കാൽക്കീഴിൽ കൊണ്ടുവരികയായിരുന്നു ഉദ്ദേശമെന്ന് അന്നത്തെ അമേരിക്കൻ പ്രസിഡന്റ് ടെയ്ലർ പറഞ്ഞിരുന്നു. ഇത്തരം കുത്തകവത്കരണത്തിലൂടെയാണ് യൂറോപ്പിനെതിരെ പിടിച്ചുനിൽക്കാൻ ശേഷിയുള്ളവിധം അമേരിക്ക ശക്തരായത്. ലോകമുതലാളിത്ത വ്യവസ്ഥയുടെ സംരക്ഷകരായി സ്വയം വിശേഷിപ്പിച്ച അമേരിക്കയുടെ 1948ലെ ഒരു പ്രധാനപ്പെട്ട പദ്ധതിരേഖ പറയുന്നത് ലോകസമ്പത്തിന്റെ പകുതിയും അവരുടെ കൈവശമായിരുന്നുവെന്നാണ്. അതിനാൽ മറ്റ് രാജ്യങ്ങളുമായി നിലനിൽക്കുന്ന ഈ അന്തരം നിലനിർത്തുക എന്നത് രാഷ്ട്രത്തിന്റെ മുഖ്യകർത്തവ്യമായി അവർ കണക്കാക്കി. പദ്ധതി രേഖയിൽ പറയുന്നതുപ്രകാരം, 'മനുഷ്യാവകാശം, ജീവിത നിലവാരം ഉയർത്തൽ, ജനാധിപത്യവത്കരണം തുടങ്ങിയ അയഥാർഥമായ ലക്ഷ്യങ്ങളെ' മാറ്റിവെച്ച് നേരിട്ടുള്ള അധികാര സ്ഥാപനത്തിലേക്ക് കടക്കണമെന്നും 'പരോപകാരത്തിന്റെയും ലോകക്ഷേമത്തിന്റെയും ആഢംബരം' താങ്ങാൻ കഴിയില്ലെന്നും പ്രഖ്യാപിച്ച ഭരണകൂടത്തിന്റെ നേതൃത്വത്തിൽ ലോകത്തെ ഭിന്നത രൂക്ഷമാവുകയും അസമത്വം വളരുകയും ചെയ്തു. *(പേജ് 4, ഡെമോക്രസി ആന്റ് പവർ - ദി ഡൽഹി ലക്ചേഴ്സ്, നോം ചോംസ്കി)*

അതേ കാലഘട്ടത്തിൽ ബ്രിട്ടന്റെ കാഴ്ചപ്പാടും ഇതിൽ നിന്ന് വ്യത്യസ്തമായിരുന്നില്ല. അധികാരം ഉപയോഗിച്ച് വിശപ്പുള്ള രാഷ്ട്രങ്ങളെ നിയന്ത്രണത്തിൽ നിർത്തണമെന്നും സംതൃപ്ത ജനവിഭാഗത്തിന്റെ നിലനിൽപ്പിനെ അപകടത്തിലാക്കുന്ന തരത്തിലുള്ള പ്രവൃത്തികൾ തടയണമെന്നും വിൻസ്റ്റ ചർച്ചിൽ 1945ൽ വിശദീകരിക്കുന്നുണ്ട് *(പേജ് 5, ഡെമോക്രസി ആന്റ് പവർ - ദി ഡൽഹി ലക്ചേഴ്സ്, നോം ചോംസ്കി).* രാജ്യത്തിന്റെ ബഡ്ജറ്റ് വിഹിതം സൈനിക ആവശ്യങ്ങൾക്കായി നീക്കിവെക്കുന്നതിന് മുമ്പ് രാഷ്ട്രത്തലവൻമാർ ഇത്തരത്തിൽ പ്രസംഗം നടത്താറുണ്ട്. ഒന്നാം ലോകം, മൂന്നാം ലോകം എന്ന തരത്തിൽ അക്കാലത്ത് പ്രകടമല്ലാതിരുന്ന അന്തരം കൂട്ടാൻ ക്രൂരമായ ഇടപെടലുകളായിരുന്നു ബ്രിട്ടണും അമേരിക്കയും നടത്തിയത്. സോവിയറ്റ് യൂണിയനുമായുള്ള ശീതയുദ്ധത്തിന്റെ ന്യായീകരണത്തിലായിരുന്നു അമേരിക്ക പല കടന്നുകയറ്റങ്ങളും നടത്തിയത്. എന്നാൽ 1990ൽ സോവിയറ്റ് യൂണിയന്റെ പതനത്തിന് ശേഷവും അമേരിക്കയുടെ നയങ്ങളിൽ മാറ്റമുണ്ടായില്ല. കാസ്ട്രോ കമ്മ്യൂണിസ്റ്റ് വിരുദ്ധനായി പ്രഖ്യാപിക്കുകയും സോവിയറ്റ് യൂണിയനുമായി അടുക്കാതിരിക്കുകയും ചെയ്ത കാലഘട്ടത്തിലാണ് 1960ൽ ക്യൂബൻ സർക്കാറിനെ അട്ടിമറിക്കാനുള്ള തീരുമാനം അമേരിക്ക എടുക്കുന്നത്. സോവിയറ്റ് യൂണിന്റെ പതനത്തോടെ ഈ നിലപാട് കൂടുതൽ രൂക്ഷമാവുക മാത്രമാണ് ചെയ്തത്. 'ആധുനിക പ്രൊട്ടക്ഷനിസം' രൂപംകൊണ്ടത് അമേരിക്കയിലാണെ് പറയാം. 'വിപണി അച്ചടക്കം തള്ളിക്കളയുന്നതിൽ അമേരിക്ക തുടക്കം മുതൽത്തന്നെ തീവ്ര നിലപാടുകളാണ് എടുത്തിട്ടുള്ളത്. അങ്ങനെയാണ് അത് ഒന്നാം സ്ഥാനത്തെത്തുന്നത്, അമേരിക്ക ബാക്കി ലോകത്തെ ബലം പ്രയോഗിച്ച് പഠിപ്പിച്ച സാമ്പത്തിക യൗവക്തികതാ സിദ്ധാന്തം പറയുന്നത് പോലെ, ഫർ കയറ്റുമതിയിലെ ആനുകൂല്യങ്ങളിൽ വ്യവഹാരം നടത്തുന്നതിന് പകരം ടെക്സ്റ്റൈൽസിൽ തുടങ്ങി സ്റ്റീൽ, ഊർജം, കെമിക്കൽസ്, കമ്പ്യൂട്ടർ, ഇലക്ട്രോണിക്സ്, ഫാർമസ്യൂട്ടിക്കൽസ്, ബയോടെക്നോളജി, അഗ്രോ ബിസിനസ് തുടങ്ങിയ സമ്പദ്ഘടന ചലനാത്മകമായ എല്ലാ മേഖലകളിലും കടന്നുകയറി, വലിയ സമ്പത്തും അധികാരവും നേടി'. *(പേജ് 9, ഡെമോക്രസി ആന്റ് പവർ - ദി ഡൽഹി ലെക്ചേഴ്സ്, നോം ചോംസ്കി)*

കോർപ്പറേറ്റുകൾ എന്നത് കൃത്യമായി നിർവചിക്കാനോ വിവരിക്കാനോ പറ്റുന്ന ഒ

ന്നല്ല, പ്രത്യേകിച്ച് ഇക്കാലത്ത്. കോർപ്പറേറ്റ് എന്നത് കമ്പനി എവിടെ രജിസ്റ്റർ ചെയ്തു എന്നതിന്റെ അടിസ്ഥാനത്തിൽ ഇനി കാണാൻ പറ്റില്ല. ഉദാഹരണത്തിന് പല ഇന്ത്യൻ കമ്പനികളും മറ്റ് രാജ്യങ്ങളിൽ വലിയ മുതൽ മുടക്കിൽ കോർപ്പറേറ്റ് പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നുണ്ട്. ഭരണകൂടവും രാഷ്ട്രീയ കക്ഷികളും കോർപ്പറേറ്റുകളുമായി കൈകോർക്കുകയും മനുഷ്യ-പ്രകൃതി വിഭവങ്ങൾ ചൂഷണം ചെയ്യാൻ മുതൽ മുടക്കുകയുമാണ് ഇപ്പോൾ ചെയ്യുന്നത്. ഇത്തരത്തിൽ ഒരു സാധ്യത സ്വകാര്യ മുതലാളിമാർ കണ്ടെത്തുന്നത് രണ്ടാം ലോക മഹായുദ്ധത്തോടെയാണ്. "രണ്ടാം ലോകമഹായുദ്ധം നടക്കുമ്പോൾ സമ്പദ്ഘടനയിൽ ഭാഗികമായ അധികാരം (സെമി-കമാന്റ് എക്കോണമി) ലഭിച്ചതിൽ നിന്ന് അമേരിക്കൻ വ്യവസായ പ്രമുഖർ പ്രധാനപ്പെട്ട ഒരു പാഠമാണ് പഠിച്ചത്. ഭരണകൂടത്തിന്റെ സബ്സിഡിയിലൂടെയും ഏകോപനത്തിലൂടെയും സ്വകാര്യ ലാഭവ്യവസ്ഥ നിലനിർത്താനും വികസിപ്പിക്കാനും കഴിയുമെന്നതാണത്. യുദ്ധകാല സമ്പദ്ഘടനയുടെ ഭാഗമാകാൻ വാഷിങ്ടണിലേക്ക് കൂട്ടമായെത്തിയ കോർപ്പറേറ്റ് എക്സിക്യൂട്ടീവുകളെയാണ് അവർ ആ പാഠം പഠിപ്പിച്ചത്. പിന്നീട് അവരത് മറന്നിട്ടില്ല. 1940കളുടെ അവസാനത്തിൽ തന്നെ സ്വതന്ത്ര സംരംഭക സമ്പദ്ഘടനയിൽ ഹൈടെക് വ്യവസായത്തിന് നിലനിൽക്കാൻ കഴിയില്ലെന്ന് വ്യവസായ ലോകം തിരിച്ചറിഞ്ഞിരുന്നു. സർക്കാർ രക്ഷകനായേ തീരൂവെന്നും അവർ തിരിച്ചറിഞ്ഞു."*(പേജ് 12, ഡെമോക്രസി ആന്റ് പവർ - ദി ഡൽഹി ലെക്ചേഴ്സ്, നോം ചോംസ്കി).* സുരക്ഷ എന്നതിന്റെ മറവിൽ ആയുധ കച്ചവടക്കാർക്ക് സബ്സിഡികൾ ഒരുക്കിക്കൊടുക്കുന്ന മിലിട്ടറി കെയ്നേഷ്യനിസം-സാമ്പത്തിക വളർച്ച കൂട്ടാൻ സർക്കാർ സൈനികച്ചെലവ് കൂട്ടണമെന്ന കാഴ്ചപ്പാട്- അംഗീകരിക്കപ്പെട്ടു. "ധനികർക്കാണ് ജനങ്ങൾ നികുതി അടക്കുന്നതെന്ന് അവരോട് നിങ്ങൾ പറയില്ല. പുറമെ കാണാത്ത, പൊതുമണ്ഡലത്തിൽ ചർച്ച ചെയ്യപ്പെടാത്ത പ്രക്രിയകളിലൂടെ, പരോക്ഷമായി, നിങ്ങൾ എന്താണ് പറയുകയെന്ന് വെച്ചാൽ നിങ്ങളെ ആരൊക്കെയോ നശിപ്പിക്കാൻ പോവുകയാണ്, അതുകൊണ്ട് നിങ്ങൾ നിങ്ങളുടെ പണം സമ്പന്നരുടെ കീശയിൽ ഇടണമെന്നാണ്. ശാസ്ത്ര, സാങ്കേതിക, വ്യവസായ രംഗത്ത് നേരിട്ട് അനുഭവമുള്ള ആർക്കും ഇത് മനസ്സിലാകുതാണ്." *(പേജ് 13, ഡെമോക്രസി ആന്റ് പവർ - ദി ഡൽഹി ലെക്ചേഴ്സ്, നോം ചോംസ്കി).*

കോർപ്പറേറ്റുകൾ എന്നത് കൃത്യമായി പ്രവചിക്കാനോ വിവരിക്കാനോ പറ്റുന്ന ഒന്നല്ല, പ്രത്യേകിച്ച് ഇക്കാലത്ത്. കോർപ്പറേറ്റ് എന്നത് കമ്പനി എവിടെ രജിസ്റ്റർ ചെയ്തു എന്നതിന്റെ അടിസ്ഥാനത്തിൽ ഇനി കാണാൻ പറ്റില്ല. ഉദാഹരണത്തിന് പല ഇന്ത്യൻ കമ്പനികളും മറ്റ് രാജ്യങ്ങളിൽ വലിയ മുതൽ മുടക്കിൽ കോർപ്പറേറ്റ് പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നുണ്ട്. ഭരണകൂടവും രാഷ്ട്രീയ കക്ഷികളും കോർപ്പറേറ്റുകളുമായി കൈകോർക്കുകയും മനുഷ്യ-പ്രകൃതി വിഭവങ്ങൾ ചൂഷണം ചെയ്യാൻ മുതൽ മുടക്കുകയുമാണ് ചെയ്യുന്നത്.

ചലനാത്മകമായ സമ്പദ്ഘടനകൾ ഇത്തരത്തിലുള്ള നടപടികളിലൂടെയാണ് കടന്നുപോയിട്ടുള്ളത്. "സ്വതന്ത്ര വ്യാപാരത്തിൽ തത്പരരായവരും ഫിസ്കൽ കൺസർവേറ്റുകളും സാമ്പത്തിക ഉദാരവത്കരണത്തെക്കുറിച്ച് എല്ലാവർക്കും (നാട്ടിലെ പൊതുജനത്തിനും) സാരോപദേശം നൽകിക്കൊണ്ടിരിക്കുമ്പോൾ തന്നെ, അവർ ഇറക്കുമതി നിബന്ധനകൾ ഇരട്ടിപ്പിച്ചു. ധനികർക്കുള്ള പൊതു സബ്സിഡികൾ വർധിപ്പിച്ചു. തൊഴിലാളി പ്രസ്ഥാനങ്ങളെ അടിച്ചമർത്തിക്കൊണ്ട് ധനകാര്യ നയങ്ങളിലൂടെ സമ്പത്ത് ധനികരുടെ കൈകളിൽ എത്തിച്ചു. ലോകത്തെ വായ്പാദാതാക്കളെ പൊടുന്നനെ അവർ കടക്കാരാക്കി മാറ്റി. ഇതൊക്കെയും അധികാരം സംബന്ധിച്ച കാരണങ്ങളാലാണ്, കാര്യക്ഷമത സംബന്ധിച്ചല്ല." *(പേജ് 13, ഡെമോക്രസി ആന്റ് പവർ - ദി ഡൽഹി ലെക്ചേഴ്സ്, നോം ചോംസ്കി).*

വൻതോതിലുള്ള ഉത്പാദനവും ഹൈടെക് വ്യവസായങ്ങളും വലിയൊരു ജനസംഖ്യയുടെ ജീവിതോപാധികൾ നശിപ്പിച്ച് അതിൽ നിന്നുള്ള സാമ്പത്തിക ലാഭം ചില പ്രമാണിമാരുടെ കൈയ്യിൽ എത്തിക്കുകയാണ് ചെയ്യുന്നത്. "ആഗോളവത്കരണത്തെ പ്രായോഗികമായി പരിശോധിക്കുകയാണെങ്കിൽ പല മാതൃകകളാണ് പരീക്ഷിക്കപ്പെട്ടിരിക്കുന്നത് എന്ന് കാണാം. ഒന്ന് രാഷ്ട്രീയമായി ഒരു നാടിനെ എങ്ങനെ കൈയ്യടക്കി ചൂഷണം ചെയ്യാം എന്നതാണ്. അമേരിക്ക അത് വിയറ്റ്നാമിൽ പരീക്ഷിച്ചുനോക്കി. പക്ഷെ വിജയിച്ചില്ല. പിന്നെയുള്ളത് ബനാനാ റിപ്പബ്ലിക്

പരീക്ഷണമായിരുന്നു. ഏകാധിപത്യം നിലനിൽക്കുന്ന നാട്ടിലെ ഏകാധിപതികളെ പിന്തുണച്ച്, അവർ വഴി ആ നാടിനെ ചൂഷണം ചെയ്യാം എന്നതാണ് പരീക്ഷണം. തെക്കെ അമേരിക്കയിലെ പല നാടുകളിലും അത് നടന്നു. പെട്ടെന്ന് ലാഭം കിട്ടും, പക്ഷെ ആ ലാഭം എല്ലാം വർഷവും കിട്ടുമോ, എപ്പോഴാണ് പൊട്ടിത്തെറിക്കുക എന്നൊന്നും അറിയില്ല. പിന്നെ അവർ ശ്രമിച്ചത് മറ്റൊരു രീതിയിലാണ്. പണം കൊടുത്ത് ഒരു നാടിനെ എങ്ങനെ ചൂഷണം ചെയ്യാൻ പറ്റുമെന്ന് ആലോചിച്ചു. ദക്ഷിണ കൊറിയയും തായ്‌വാനുമാണ് 80കളിൽ ആ പരീക്ഷണത്തിന് ആദ്യം ഇരകളായത്. വലിയ കൊള്ളലാഭം കിട്ടിയില്ലെങ്കിലും തുടർച്ചയായി ലാഭം കിട്ടാനുള്ള വഴി ഇതുതന്നെയാണെന്ന് അമേരിക്ക മനസ്സിലാക്കുകയും ആ മോഡൽ മധ്യേഷ്യയിലേക്ക് വികസിപ്പിച്ച് അതിന്റെ പ്രശ്നങ്ങൾ പഠിക്കുകയും പരിഹാരങ്ങൾ കണ്ടെത്തുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിലാണ് ഇന്ന് കാണുന്ന ആ ഗോളവത്കരണത്തിലേക്ക് നീങ്ങുന്നത്."രാഷ്ട്രീയ ചിന്തകനായ സി ആർ ബിജോയ് പറയുന്നു.

ഭരണകൂടത്തിന്റെ ഇളവുകളും സഹകരണവും ഉണ്ടെങ്കിൽ മാത്രമേ സ്വകാര്യ ലാഭ വ്യവസ്ഥ നിലനിർത്താനും വിപുലീകരിക്കാനും കഴിയുമെന്ന് അമേരിക്കയിലെ വ്യാവസായിക പ്രമുഖർ മനസ്സിലാക്കിയത് രണ്ടാം ലോകമഹായുദ്ധകാലത്താണ്. ഹൈടെക് വ്യവസായത്തിന് ഭരണകൂടത്തിന്റെ പൂർണ പിന്തുണ ഇല്ലാതെ പറ്റില്ലെന്നും അവർ മനസ്സിലാക്കി. ഭരണകൂടം ഇവിടെ രക്ഷാധികാരിയാണ്. ഈ തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ ഭരണകൂടവുമായി വ്യവസായികൾ നടത്തിയ ഒത്തുതീർപ്പുകളുടെ ഫലമാണ് ഇന്ന് തഴച്ചുവളർന്നുകൊണ്ടിരിക്കുന്ന ആയുധ വിപണി ഉൾപ്പെടുന്ന ഹൈടെക് വ്യവസായം. രാജ്യത്തിനകത്തെ ദരിദ്രർക്കും മൂന്നാം ലോകരാജ്യങ്ങൾക്കും വിപണി അച്ചടക്കങ്ങൾ നിഷ്കർഷിച്ചു. എന്നാൽ സമ്പന്നർ സംരക്ഷിക്കപ്പെട്ടു. വിപണി സംരക്ഷിക്കുന്നതിന്റെ ഭാഗമായി കൂടുതൽ രാജ്യങ്ങൾ അക്രമിക്കപ്പെട്ടു. ബാക്കിലോകത്തെ ജനങ്ങളുടെ ജീവിതം ദുരിതമാക്കണമെന്നത് ഒരു ഭരണകൂടത്തിന്റെ എത്ര കണ്ട് മനഃപ്പൂർവ്വമായ തീരുമാനമായിരുന്നുവെന്ന് ഇക്കാര്യങ്ങൾ വ്യക്തമാക്കുന്നു.

**ആഘാതങ്ങൾ**

വൻകിട ഖനന കമ്പനികൾ, അണക്കെട്ടുകൾ, പ്രത്യേക സാമ്പത്തിക മേഖലകൾ, തുറമുഖങ്ങൾ, വ്യവസായങ്ങൾ, കൂടുതൽ ഊർജോത്പാദനം എന്നിവയിലൂടെ രാജ്യത്തിന്റെ വളർച്ചാനിരക്ക് കൂട്ടാൻ ഭരണകൂടം നടത്തുന്ന അക്ഷീണ ശ്രമത്തിന്റെ ഫലമായാണ് 2014ലെ മാനുഷിക വികസന സൂചികയിൽ ഇന്ത്യ 134 രാജ്യങ്ങൾക്ക് പുറകിൽ നിൽക്കേണ്ടി വന്നത്. രാജ്യത്തിന്റെ വികസനപദ്ധതികൾക്കായി കുടിയൊഴിപ്പിക്കപ്പെട്ട കോടിക്കണക്കിന് ജനങ്ങളെ ഒരു അപ്രഖ്യാപിത യുദ്ധത്തിലെ അഭയാർഥികളായിട്ടാണ് അരുന്ധതി റോയ് വിശേഷിപ്പിച്ചത്. ഇത്തരം കുടിയൊഴിപ്പിക്കലുകൾ രൂക്ഷമായിത്തുടങ്ങിയ 90കളിൽ തൊഴിലവസരങ്ങൾ കുറയുകയാണ് ചെയ്തത്. ഉദാഹരണത്തിന് 50,000 പേരെ കുടിയൊഴിപ്പിക്കുന്ന ഒരു വ്യവസായത്തിന് തൊഴിൽ വൈദഗ്ധ്യമുള്ള 500 മുതൽ 1000 വരെ പേർക്ക് മാത്രമെ തൊഴിൽ നൽകാൻ കഴിയുകയുള്ളൂ. അനൗപചാരിക തൊഴിൽ മേഖലയെ കൂടുതൽ പേർക്ക് ആശ്രയിക്കേണ്ടി വന്നതോടെ മനുഷ്യരുടെ ജീവിത നിലവാരം ഇടിഞ്ഞു. നിലവിൽ ഇന്ത്യയിൽ 4.08 ലക്ഷം കുടുംബങ്ങൾ പാഴ്‌വസ്തുക്കൾ പെറുക്കിവിറ്റ് ജീവിക്കുന്നതായും 6.68 ലക്ഷം കുടുംബങ്ങൾ ഭിക്ഷയെടുത്ത് ജീവിക്കുന്നതായും സർക്കാർ കണക്കുകൾ തന്നെ വ്യക്തമാക്കുന്നുണ്ട്. വൻകിട അണക്കെട്ടുകളുടെയും ആണവ റിയാക്ടറുകളുടെയും ഗുണഭോക്താക്കൾ ഒരിക്കലും അതിനുവേണ്ടി കുടിയൊഴിപ്പിക്കപ്പെടുന്നവരാകില്ല. ലോകബാങ്കിന്റെ സഹായത്തോടെ നർമ്മദാ പദ്ധതി നടപ്പാക്കാൻ കുടിയൊഴിപ്പിക്കപ്പെട്ട 3,20,000 പേർക്ക് പുനരധിവാസത്തിനും നഷ്ടപരിഹാരത്തിനും വേണ്ടി പ്രക്ഷോഭം നടത്തേണ്ടി വന്നത് വിവേചനപരമായ നയങ്ങളുടെയും നീതിനിഷേധത്തിന്റെയും തെളിവാണ്. കൂടംകുളം ആണവനിലയത്തിനെതിരെ, പോസ്കോ ഖനന കമ്പനിക്കെതിരെ, ജാർഖണ്ഡിലെ ആദിവാസി മേഖലകളിലെ ഖനന കമ്പനികൾക്കെതിരെ നടക്കുന്ന പൊതുജന സമരങ്ങളെ നേരിടാൻ പൊലീസ്-സൈനിക സന്നാഹത്തെ നിരത്തിലിറക്കുന്ന ഭരണകൂടം അധികാര കേന്ദ്രീകരണത്തിന്റെ ഭീകരതയെയാണ് വെളിപ്പെടുത്തുന്നത്.

ഇന്ത്യയുടെ ചില്ലറ വ്യാപാര മേഖലയിൽ, ലോക വ്യാപാര സംഘടനയുടെ നിർദേശത്തെ തുടർന്ന് വിദേശ നിക്ഷേപം അനുവദിക്കപ്പെട്ടപ്പോൾ അതിനെ ആശ്രയിച്ചു കഴിഞ്ഞിരുന്ന 40 മില്ല്യൺ പേരുടെ അതിജീവനമാണ് അപകടത്തിലായത്. വോൾമാർട്ട്, കാരെഫോർ, ടെസ്കോ തുടങ്ങിയ ബഹുബ്രാന്റ് ചില്ലറ വ്യാപാരികളോടും, നൈക്, ആപ്പിൾ

തുടങ്ങിയ ഏക ബ്രാന്റ് ചില്ലറ വ്യാപാരികളോടും മത്സരിക്കാൻ ചെറുകിട ചില്ലറ വ്യാപാരികൾ നിർബന്ധിതരായിരിക്കുകയാണ്. ചില്ലറ വ്യാപാരികളുടെ വക്താവായി നിന്നുകൊണ്ട്, 2012ൽ യു.പി.എ സർക്കാറിന്റെ ആനയത്തെ വിമർശിച്ച ബി.ജെ.പിയും അധികാരത്തിൽ വന്നപ്പോൾ ബഹുരാഷ്ട്ര കോർപ്പറേറ്റുകളോടൊപ്പം നിന്നു. സർക്കാർ നിലപാട് ഭരണപരമായ ഉത്തരവാദിത്തമാണൊണ് ധനമന്ത്രി അരുൺ ജെയ്റ്റ്ലി പറഞ്ഞത്.

പ്രതിരോധ മേഖലയിലെ നേരിട്ടുള്ള വിദേശ നിക്ഷേപം 29 ശതമാനത്തിൽ നിന്ന് 49 ശതമാനമായി ഉയർത്തിയതിന് ശേഷമാണ് നരേന്ദ്രമോദി അമേരിക്കയടക്കമുള്ള വിദേശ രാജ്യങ്ങളിലേക്ക് സന്ദർശനത്തിനായി പുറപ്പെട്ടത്. ലോകത്തെ വൻകിട വ്യവസായികൾക്ക് അനുകൂലമാകും വിധം ലോകരാഷ്ട്രങ്ങളുമായി സ്വതന്ത്ര വ്യാപാര കരാറുകളിൽ മോദി ധാരണയിൽ എത്തിക്കൊണ്ടിരിക്കുകയാണ്. വിദേശരാജ്യങ്ങളിലെ ഇന്ത്യൻ വംശജർക്ക് നിക്ഷേപം നടത്താനായി വിദേശ നിക്ഷേപ നയത്തിൽ (എഫ്.ഡി.ഐ) സർക്കാർ ഇളവുകൾ വരുത്തിയിട്ടുണ്ട്. ഒരു വർഷം പിന്നിട്ട ഭരണത്തിനിടെ ഇൻഷുറൻസ്, റിയൽ എസ്റ്റേറ്റ്, റെയിൽവേ, വൈദ്യോപകരണങ്ങൾ തുടങ്ങിയവയുടെ നേരിട്ടുള്ള വിദേശ നിക്ഷേപ പരിധിയിൽ ഇളവുകൾ അനുവദിച്ചു കഴിഞ്ഞു. ലോകബാങ്കിന്റെ വ്യവസായത്തിന് അനുകൂലമായ രാജ്യങ്ങളുടെ പട്ടികയിൽ 142ാം സ്ഥാനത്ത് നിന്ന് മുന്നേറാനുള്ള ശ്രമത്തിന്റെ ഭാഗമാണിത്. പ്രത്യേക സാമ്പത്തിക മേഖലകൾക്ക് നൽകുന്ന വാർഷിക നികുതി ഇളവ് 55 മില്യ മനുഷ്യരുടെ പട്ടിണി മാറ്റാനുള്ള അത്രയും തുകയാണെന്ന് അമിത് ബദൂരി എന്ന സാമ്പത്തിക ശാസ്ത്രജ്ഞന്റെ പഠനത്തിൽ പറയുന്നു. ജനിതകമാറ്റം വരുത്തിയ വിളകൾ ഇന്ത്യയിൽ വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യിക്കാൻ യു.പി.എ സർക്കാറിന്റെ കാലത്ത് നടന്ന ശ്രമത്തിന് ചെറുത്തുനിൽപ്പുകളിലൂടെ ഒരു ഇടവേള കിട്ടി. വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നതിന് മുമ്പ് പരീക്ഷണാടിസ്ഥാനത്തിൽ പല സംസ്ഥാനങ്ങളിലും ജി.എം വിത്തുകൾ ഇപ്പോൾ വിളയിച്ചുകൊണ്ടിരിക്കുന്നു. മോൺസാന്റോ, ഡു പോയിന്റ് പയനീർ, ഡൌവ് എഗ്രോ സൈൻസ്, സിങ്കെന്ത തുടങ്ങി വിരലിൽ എണ്ണാവുന്ന അഗ്രി കെമിക്കൽസ് സീഡ് കമ്പനികളുടെ കൈയ്യിലാണ് ജി.എം വിത്തുകളുടെ കുത്തക. പരിസ്ഥിതി മന്ത്രാലയം ജി.എം വിത്തുകളെ അനുകൂലിച്ച് പ്രസ്താവന ഇറക്കുകയും മൊൺസാന്റോ പോലുള്ള ബഹുരാഷ്ട്ര കുത്തകകളുമായി പങ്കുചേരാൻ പ്രാദേശിക കമ്പനികളോട് ആവശ്യപ്പെടുകയും ചെയ്തു. ബിടി പരുത്തിക്കുള്ള ലൈസൻസ് മൊൺസാന്റോ കമ്പനി ഇതിനോടകം തന്നെ ഇന്ത്യയിലെ കമ്പനികൾക്ക് നൽകിക്കഴിഞ്ഞിട്ടുണ്ട്. ദൂരവ്യാപക പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്ന തരത്തിലുള്ള പരീക്ഷണം ഒരു ജനതയുടെ ഭക്ഷണത്തിന് മേലാണ് നടത്താൻ പോകുന്നത്.

അതുപോലെ, ആണവകരാറുകളിലൂടെ വിദേശ ആണവ കമ്പനികൾക്കാണ് നേട്ടമുണ്ടാകുന്നത്. ഉത്പാദകനും വിതരണക്കാരനും ആണവ അപകടങ്ങളിൽ ഒരുപോലെ ഉത്തരവാദിത്തം കൽപ്പിക്കുന്ന ലയബിലിറ്റി നിയമമാണ് ഈ രംഗത്തെ ബഹുരാഷ്ട്ര കുത്തകകൾക്ക് മുന്നിലുള്ള തടസ്സം. വിതരണ കമ്പനിയായ ന്യൂക്ലിയർ പവർ കോർപ്പറേഷൻ ഇന്ത്യ ലിമിറ്റഡ് എന്ന പൊതുമേഖലാ സ്ഥാപനത്തിന് എല്ലാ ഉത്തരവാദിത്തവും കൈമാറിയാണ് ബിജെപി സർക്കാർ വിദേശ ആണവ കമ്പനികളുടെ രക്ഷക്കെത്തിയിരിക്കുന്നത്. ആണവദുരന്തമുണ്ടാവുകയാണെങ്കിൽ നികുതി പണം ഉപയോഗിച്ച് നഷ്ടപരിഹാരം നൽകി വിദേശ കമ്പനികളെ ഇത്തരം കെട്ടുപാടുകളിൽ നിന്നും ഒഴിവാക്കാൻ നമ്മുടെ സർക്കാർ തന്നെ വഴി കണ്ടെത്തിയിരിക്കുന്നു. 1984ൽ ഭോപ്പാൽ ദുരന്തത്തിൽ നഷ്ടപരിഹാരം പോലും ഈടാക്കാനാകാത്ത വിധത്തിൽ യൂണിയൻ കാർബൈഡ് കമ്പനി അധികൃതർക്ക് ഇന്ത്യൻ നിയമം പഴുതൊരുക്കിയതിന്റെ പശ്ചാത്തലത്തിലാണ് നഷ്ടപരിഹാരത്തിന് ഒരു പരിധിയും വെക്കാതെ സുപ്രീം കോടതി വ്യാവസായിക ദുരന്തത്തിന് ഉത്പാദകനെയും വിതരണക്കാരെയും ഒരു പോലെ ചുമതലപ്പെടുത്തിയത്. ഭോപ്പാലിലെ ഇരകൾ നീതിക്കായി ഇന്നും സമരം തുടരുന്ന പശ്ചാത്തലത്തിൽ നിലവിലെ നിയമം പോലും ഇളവുചെയ്ത് ആണവകമ്പനികളെ ക്ഷണിക്കുന്നത് കോർപ്പറേറ്റ് ദാസ്യമല്ലാതെ മറ്റൊന്നുമല്ല. മലിനീകരണത്തിന്റെയും ആഗോളതാപനത്തിന്റെയും ഉത്തരവാദിത്തം മൂന്നാം ലോകരാജ്യങ്ങളിലെ ജനങ്ങൾക്കാണെന്ന് അപഹസിച്ച വികസിത രാജ്യങ്ങളിലെ കമ്പനികൾ ഇവിടങ്ങളിലെ സാധാരണ ജീവിതം വിഷമയമാക്കുകയാണ് ചെയ്യുന്നത്. ഇത്തരത്തിൽ എന്തുകൊണ്ടും പ്രതിസന്ധികൾ നിറഞ്ഞ ഒരു കാലത്തിലൂടെയാണ് നമ്മൾ കടന്നുപോകുന്നത്. ■